**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3608** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടങ്ങൾ ലളിതവും സുതാര്യവുമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമി തരംമാറ്റം ഉൾപ്പെടെയുള്ള വിവിധ ദൗത്യങ്ങൾ നടപ്പിലാക്കുന്ന റവന്യൂ വകുപ്പിന്റെ ഓഫീസുകളിൽ ഭൂപതിവ് നിയമത്തിലെ ചട്ടഭേദഗതികളുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഇത് സംബന്ധമായ ചട്ടങ്ങൾ ഔദ്യോഗികമായി പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ആവശ്യമായി വേണ്ടി വരുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |
| (ബി) | കൃഷിക്കും താമസത്തിനുമായി അനുവദിച്ച പട്ടയ ഭൂമിയിലെ വീട് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോ; വിശദീകരിക്കുമോ; | (ബി) | കൃഷിക്കും താമസത്തിനുമായിട്ടാണ് പട്ടയം അനുവദിച്ചിട്ടുള്ളതെങ്കിൽ അത്തരം ഭൂമിയിലെ വീട്ടു നിർമ്മാണം വ്യവസ്ഥ ലംഘനമല്ലാത്തതിനാൽ ക്രമീകരിക്കേണ്ടതില്ല. |
| (സി) | ഇപ്പോൾ നടപ്പിലാക്കുന്ന ഭൂപതിവ് ചട്ടഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പുതിയതായി ഉത്ഭവിക്കുന്നതുമായ വിനിയോഗങ്ങൾ ക്രമപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | (സി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പട്ടയത്തിൽ പ്രത്യേക ഉദ്ദേശം രേഖപ്പെടുത്തിയ ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പുതുക്കിയ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ചട്ടങ്ങൾ വിജ്ഞാപനത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ